# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 614

11.06.2013ൽ
മറുപടിക്ക്.

### നിക്ഷേപ സംഗമങ്ങൾ

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ എത്ര നിക്ഷേപക സംഗമങ്ങൾ എവിടെയെല്ലാം വച്ച് നടത്തിയെന്ന് വിശദമാക്കാമോ?

(എ) കേരളത്തിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും, സംസ്ഥാനത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും വേണ്ടി കേരള സർക്കാർ എമെർജിങ്ങ് കേരള-2012 കൊച്ചിയിൽ വച്ച് 2012 സെപ്റ്റംബർ 12 മുതൽ 14 വരെ നടത്തുകയുണ്ടായി. എമെർജിങ്ങ് കേരളയ്ക്കു മുന്നോടിയായി കേരളത്തിനകത്തും, പുറത്തുമായി ബിസിനസ്സ് മീറ്റുകളും റോഡ് ഷോകളും സംഘടിപ്പിച്ചിരുന്നു. കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധ ആകർഷിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യക്ക് പുറത്ത് ചൈന, ഖത്തർ, യു.എഇ, മലേഷ്യ, സിംഗപ്പൂർ എന്നീ വിദേശരാജ്യങ്ങളിലും, ഇന്ത്യയ്ക്കകത്ത് മുംബൈ, ഡൽഹി, ബാംഗ്ലൂർ, ചെന്നൈ എന്നീ നഗരങ്ങളിലും ബിസിനസ് മീറ്റുകൾ നടത്തുകയുണ്ടായി. കൂടാതെ കേരളത്തിനകത്ത് വിവിധ ജില്ലകളിൽ വച്ച് ജില്ലാതല മീറ്റുകളും സംഘടിപ്പിച്ചിരുന്നു.

ബി) ഈ നിക്ഷേപക സംഗമത്തിലൂടെ നാളിതുവരെ ഏതൊക്കെ പദ്ധതികൾക്കായി എത്ര രൂപയുടെ നിക്ഷേപത്തിന് ഏതെല്ലാം വ്യക്തികളും, കമ്പനികളും, ഏജൻസികളും മുന്നോട്ടുവന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എമെർജിങ്ങ് കേരളയിലൂടെ വിവിധ വകുപ്പുകളിലായി 176 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇവയിൽ വ്യവസായ വകുപ്പിനു കീഴിൽ 46 പദ്ധതി നിർദ്ദേശങ്ങളിൽ കെ.എസ്.ഐ.ഡി.സിയും, കിൻഫ്രയും ചേർന്ന് തുടർനടപടികൾ നടത്തിവരുന്നു. 12,000/- കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എല്ലിന്റെ കൊച്ചി റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട്, ടൂറിസം വകുപ്പിനു കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉദ്ഘാടനം ഇതിനോടകം നിർവഹിച്ചു കഴിഞ്ഞു. കൊറിയയുടെ എൽ.ജി. കെമിക്കൽസുമായി ചേർന്നു നടപ്പിലാക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ് കൊച്ചിയിലെ കണ്ടെയിനർ ഫ്രൈറ്റ് സ്റ്റേഷൻ, കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ

വകുപ്പുമായി സംയോജിപ്പിച്ചു നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

ഭക്ഷ്യസംസ്കരണം, കെട്ടിട നിർമ്മാണ മേഖലയിലെ പ്രീകാസ്റ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, ബയോ-മെഡിക്കൽ ഉപകരണ-ങ്ങളുടെ നിർമ്മാണം, HDPE സ്റ്റോറേജ് ടാങ്കുകളുടെ നിർമ്മാണം, സോളാർ പാനലുകളുടെ നിർമ്മാണം മുതലായ പദ്ധതികളിലെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിനു കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ, മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാനുദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികൾ പരിസ്ഥിതി ക്ലീയറൻസ്, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നീ ഘട്ടങ്ങളിലാണ്.

സി) സംസ്ഥാനത്ത് സംഘടിപ്പിച്ച നിക്ഷേപസംഗമങ്ങളിൽ നിക്ഷേപകർക്ക് എന്തെല്ലാം ഭൗതിക സാഹകര്യമാണ് ഉറപ്പുവരുത്തുമെന്ന് പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ?

(സി) എമർജിംഗ് കേരള-2012 മുഖേന സംസ്ഥാനത്ത് വ്യവസായം ആരംഭിക്കാൻ താല്പര്യം കാണിച്ചു മുമ്പോട്ടു വരുന്ന വ്യക്തികൾക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം എന്നിവ ലഭ്യമാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്ഥലത്തിന്റെ ദൗർലഭ്യം കണക്കിലെടുത്ത് കിൻഫ്രയുടെ പാർക്കുകളിലും വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ പ്ലോട്ടുകളിലും ബഹു നിലകളുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുവാനും ഇതുവഴി കൂടുതൽ വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ